(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയാണു് സ്വീകരിച്ചതെന്നു പറയുമോ;

(സി) ലാക്കൌട്ടുകാലത്തെ മുഴുവൻ ശമ്പളവും തൊഴിലാളികൾക്കു് കിട്ടണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു തീരുമാനമെടുത്തു?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഉണ്ടു്.

(ബി) കശുവണ്ടി കിട്ടാതിരുന്നതുമൂലമാണു് ഫാക്ടറികൾ അടച്ചിടുവാൻ ഇടയായതു്. കഴിയുന്നത്ര വേഗം ഫാക്ടറികൾ തുറന്നു പ്രവർത്തനം ആരംഭിക്കുവാൻ മാനേജുമെണ്ടിനെ പ്രേരിപ്പിച്ചിട്ടുണ്ടു്.

(സി) തൊഴിലാളികൾ ആവശ്യപ്പെട്ടിട്ടുണ്ടു്. എന്നാൽ ഇപ്രകാരം അടച്ചിടൽ എല്ലാ കൊല്ലങ്ങളിലും പതിവുള്ളതുകൊണ്ടും തൊഴിലില്ലായ്മവേതനം കൊടുക്കുവാൻ മാനേജുമെണ്ടിനെ നിർബന്ധിക്കുവാൻ നിയമമില്ലാത്തതുകൊണ്ടും തൊഴിലില്ലായ്മവേതനം കൊടുപ്പിക്കുവാൻ തരപ്പെട്ടില്ല.

ഷിഫ്റ്റു് സംപ്രദായം

*൨൫൦൦. (൨൨൭) സാഹിബു് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പ്രൈമറി വിദ്യാലയങ്ങളിലെ ഷിഫ്റ്റു് സമ്പ്രദായം നിറുത്തലാക്കുവാൻ ഗവണ്മെണ്ടു് തീരുമാനിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതു് പ്രയോഗത്തിൽ വരുത്താതിരിക്കുന്നതു് എന്തുകൊണ്ടാണു്;

(സി) അങ്ങനെ തീരുമാനിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ഗവണ്മെണ്ടിന്റെ ഭാവിനയം എന്തായിരിക്കുമെന്നു പ്രസ്താവിക്കുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഉണ്ടു്.

(ബി) അതു് പ്രയോഗത്തിൽ വരുത്തുന്നതു നിമിത്തം ഉണ്ടായേക്കാവുന്ന വൈഷമ്യങ്ങൾ നീക്കുന്നതിനു കുറെകാലതാമസം നേരിടുന്നതുകൊണ്ടു് ആ തീരുമാനം പ്രയോഗത്തിൽ വരുത്തിയിട്ടില്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

PRIVATE SCHOOL TEACHERS

***2501.** [130] **Sri. Eapen Arakal:** Will the Hon'ble Minister for Education and Labour be pleased to state:—

(*a*) are the service periods of private primary school teachers taken into consideration in computing their periods of service when such schools are taken up by Government;

(*b*) on what basis is the seniority of teachers fixed in Government primary schools and private primary schools absorbed by Government; and

(*c*) can a teacher in a private primary school taken up by the Government get seniority over a teacher of the same cadre in a Government primary school on the sole ground that the former has been a teacher for a longer period than the latter?

The Hon'ble Sri. Panampilli Govinda Menon:

(*a*) No.

(*b*) Date of commencement of continuous service as teacher in departmental schools in the case of surrendered school teachers and candidates appointed as teachers as per special orders of Government and date of earliest effective advice in the case of candidates recruited by the Public Service Commission.

(*c*) No.

പാഠപുസ്തകം അച്ചടിച്ചുവകയിൽ നഷ്ടം

*൨൫൦൧. (൨൪൩) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൪-ൽ നാലാംപാഠപുസ്തകം അച്ചടിപ്പിച്ചുവകയിൽ ഗവണ്മെണ്ടിനു് ആകെ എന്തു നഷ്ടം വന്നിട്ടുണ്ടു്;

(ബി) ഏതെല്ലാം പ്രസ്സുകളിലാണു് അച്ചടിച്ചതു്;

(സി) മറേതെങ്കിലും ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ചുവകയിൽ ഗവണ്മെണ്ടിനു നഷ്ടം നേരിട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly